**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 678** **30.06.2016 ന് മറുപടിയ്ക്ക്**

**ലഹരി പദാർത്ഥങ്ങളുടെ വിൽപനയും ഉപയോഗവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവ് പോലെയുള്ള ലഹരി പദാർത്ഥങ്ങളുടെ വിൽപനയും ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ കടത്തും വിൽപ്പനയും ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793-ഉം 970 ഉം എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ചെറിയ ശിക്ഷ മാത്രമാണ് ലഭിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസുകൾ കേന്ദ്ര നിയമമായ 1985 ലെ എൻ.ഡി.പി.എസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്യുന്നത്. പ്രസ്തുത ആക്ട് പ്രകാരം കുറഞ്ഞ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് ചെറിയ ശിക്ഷ മാത്രമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇക്കാരണത്താൽ കുറഞ്ഞ അളവിൽ മാത്രം മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പ്രതികൾക്ക് ചെറിയ ശിക്ഷ |

| | | | |
|---|---|---|---|
| | | | മാത്രം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) ഉം (ഡി) ഉം | 1985 ലെ എൻ.ഡി.പി.എസ് ആക്റ്റ് പ്രകാരം ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നതിന് ജാമ്യം ലഭിക്കാവുന്ന വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. പ്രസ്തുത കുറ്റകൃത്യത്തിന് മേൽ ആക്റ്റ് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന പരമാവധി ശിക്ഷ ആറ് മാസം വരെ കഠിന തടവോ, 10,000/- രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. 1985 ലെ എൻ.ഡി.പി.എസ്. ആക്റ്റ് കേന്ദ്ര നിയമമായതിനാൽ പ്രസ്തുത നിയമം മയക്കു മരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമായും കാലോചിതമായും പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ഡി) | ഇത്തരം കാര്യങ്ങളിന്മേൽ നിയമം കൂടുതൽ കർക്കശമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**